# KERALA ELECTRICITY EMPLOYEES' CONFEDERATION
## INTUC

(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com

| PATRON | PRESIDENT | WORKING PRESIDENT | GENERAL SECRETARY |
|---|---|---|---|
| K. MURALEEDHARAN M.P | K.P DHANAPALAN Ex.M.P<br>9447083300 | Adv. SIBYKUTTY FRANCIS<br>9447303578 | V.SUDHEER KUMAR<br>7012655030 |


No. KEEC/GL/2023/16

തിരുവനന്തപുരം
20.02.2023

സ്വീകർത്താവ്

ബഹു.ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവനം, പട്ടം
തിരുവനന്തപുരം

സർ,

**വിഷയം :** **തടഞ്ഞുവച്ചിരിക്കുന്ന ഇലക്ട്രിസിറ്റി വർക്കർ പ്രമോഷൻ ഉടൻ നടത്തുന്നത് സംബന്ധിച്ച്.**

സൂചന :
1. ഗവൺമെന്റ് ഉത്തരവ് – 21.04.2022
2. CEA റെഗുലേഷൻ ഡ്രാഫ്റ്റ് 2022 റെഗുലേഷന്റെ 6,7 പേജ്.
3. CEA റെഗുലേഷൻ ഡ്രാഫ്റ്റ് 2022 KSEB സമയം കഴിഞ്ഞ് നൽകിയ മറുപടി

ബഹു.സുപ്രീം കോടതിയിൽ കോടതിയലക്ഷ്യമുണ്ട് എന്ന സാങ്കേതികതത്വം പറഞ്ഞ് ചീഫ് എഞ്ചിനീയർ (HRM) ന്റെ ഓഫീസ് ഇലക്ട്രിസിറ്റി വർക്കർമാരുടെ പ്രമോഷൻ പുറത്തിറക്കുന്നില്ല. എല്ലാ വിഭാഗങ്ങൾക്കും പ്രമോഷൻ ലഭിച്ചിട്ടും ഇലക്ട്രിസിറ്റി വർക്കറിന് മാത്രം പ്രമോഷൻ ലഭിക്കില്ലായെന്നത് വിവേചനമാണ്. അടിസ്ഥാന വർഗ്ഗങ്ങളായ വർക്കേഴ്സിനെ സംബന്ധിച്ചിടത്തോളം മാനസിക വ്യഥ ഉണ്ടാക്കുന്ന കാര്യവുമാണ്. അത് ഈ സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തെ കാര്യമായി ബാധിക്കുമെന്നത് വസ്തുതയാണ്.

കോടതിയലക്ഷ്യ നടപടികൾ തീർപ്പാക്കാൻ കാലതാമസം വരികയാണെങ്കിൽ താല്ക്കാലികമായി പ്രമോഷൻ നൽകേണ്ടതാണ്. നിലവിലെ നിയമമനുസരിച്ച് ശരിയായ രീതിയിൽ ബഹു.സുപ്രീം കോടതിയിൽ കാര്യങ്ങൾ അവതരിപ്പിച്ചാൽ Contempt of court ഉത്തരവ് ഉണ്ടെങ്കിൽ അത് മാറ്റിയെടുക്കാവുന്നതാണ്. ഞങ്ങൾ മനസ്സിലാക്കിയിടത്തോളം പെറ്റീഷൻ ഫയലിൽ സ്വീകരിച്ചത് മാത്രമേ ഉള്ളൂ. അല്ലാതെ ഇതുസംബന്ധിച്ച് കോടതി നിർദേശങ്ങളൊന്നും വന്നിട്ടുമില്ല. ഇങ്ങനെ ഒരു പെറ്റീഷൻ ഫയൽ ചെയ്യപ്പെടുവാൻ ഉണ്ടായതിന്റെ ഉത്തരവാദിത്തം കെ.എസ്.ഇ.ബി മാനേജ്മെന്റിനും ഗവൺമെന്റിനും മാത്രമാണ്. CEA റെഗുലേഷൻ വിഷയത്തിൽ ബഹു.സുപ്രീം കോടതി ഉത്തരവിൽ പറയുന്നത് ഹൈക്കോടതി വിധി അംഗീകരിച്ചുവെന്നാണ്. അതായത് നിലവിലുള്ളവരെ സംരക്ഷിക്കാമെന്ന് കോടതികൾ പറഞ്ഞപ്പോൾ സുപ്രീം കോടതി വിധിയിൽ സംശയം ഉണ്ടായ ബോർഡ് Advocate General ന്റെ opinion ന് വിടുകയും Advocate General ന്റെ കത്ത് പ്രകാരം 5/7

വർഷത്തിനുള്ളിൽ ITI/Diploma എടുക്കണമെന്നും എടുത്തില്ലായെങ്കിൽ പ്രമോഷൻ ഇല്ലാതാകുമെന്നും അടുത്ത പ്രമോഷൻ ലഭിക്കില്ലായെന്നുമാണ്. ഇതനുസരിച്ചുള്ള ഗവൺമെന്റ് ഉത്തരവ് 21.4.2022 ൽ പുറത്തിറക്കുകയുമുണ്ടായി. കോടതി വിധിയിൽ പ്രതിപാദിച്ചിട്ടില്ലാത്ത വ്യവസ്ഥകൾ ഉൾപ്പെടുത്തി ജീവനക്കാർക്ക് നിലവിൽ യോഗ്യതയില്ലായെന്ന് ഗവൺമെന്റ് ഉത്തരവും ഇറക്കി, കോടതി വിധികളിൽ യാതൊരിടത്തും ITI/Diploma എടുക്കണമെന്നുള്ള കാര്യം പ്രതിപാദിച്ചിട്ടില്ലായെന്നിരിക്കെ അത് നേടണമെന്നും അല്ലെങ്കിൽ അയോഗ്യരാക്കുമെന്നുമുള്ള അനാവശ്യ വ്യവസ്ഥകൾ ചേർത്ത്, ഗവൺമെന്റ് ഉത്തരവ് (സൂചന 1) പുറത്തിറക്കി. എന്നാൽ പ്രസ്തുത ഗവൺമെന്റ് ഉത്തരവിൽ പ്രതിപാദിക്കേണ്ട കാര്യം വ്യക്തമാക്കിയിട്ടുമില്ല. ബഹു.കോടതികളുടെ വിധികൾ പ്രകാരം നിലവിലുള്ളവരെയാണ് സംരക്ഷിച്ചിരിക്കുന്നത്. ആ സ്ഥിതിയ്ക്ക് ഇനിയുള്ള ലൈൻമാൻ നിയമനത്തിലെ യോഗ്യതകൾ നിശ്ചയിച്ച് പ്രതിപാദിക്കേണ്ടതായിരുന്നു. ഈ നിയമവിഷയം ഞങ്ങൾ പലപ്രാവശ്യം ബോർഡിനെ അറിയിച്ചിട്ടുള്ളതുമാണ് (ഞങ്ങൾക്ക് ലഭിച്ച സീനിയർ അഡ്വക്കേറ്റുമാരുടെ നിയമോപദേശപ്രകാരം) നാളിതുവരെ ബോർഡ് അത് ചെയ്തിട്ടില്ല. അത് മാത്രമാണ് എല്ലാ പ്രശ്നങ്ങളുടെയും കാരണം. മാത്രവുമല്ല ഗവൺമെന്റ് ഉത്തരവ് ഇറക്കിയിട്ട് ഒരു വർഷം കഴിഞ്ഞിട്ടും ടെയിനിംഗ് ഷെഡ്യൂൾ പ്രസിദ്ധീകരിക്കാൻ പോലും KSEBL ന് കഴിഞ്ഞിട്ടില്ല. കോടതിയലക്ഷ്യ ഹർജി വരുവാനുണ്ടായ കാരണങ്ങൾ ഇതൊക്കെയാണ്. ഈ സാഹചര്യത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ സത്വര നടപടിയ്ക്കായി അങ്ങയുടെ മുമ്പാകെ സമർപ്പിക്കുന്നു.

1. കോടതിയലക്ഷ്യ നടപടികൾ മാറ്റുവാൻ കോടതിയിൽ രേഖകൾ സമർപ്പിക്കുമ്പോൾ CEA റെഗുലേഷൻ നടപ്പിലാക്കിയെന്നും ഇനിയുള്ള ലൈൻമാന്റെ ക്വാളിഫിക്കേഷൻ ഇന്നതായരിക്കണമെന്ന് പ്രതിപാദിച്ചാൽ തീരുന്ന പ്രശ്നമേ ഉള്ളു. അതില്ലാതെ കോടതിയെ സമീപിച്ച് വീണ്ടും പ്രശ്നങ്ങൾ ഉണ്ടാകുന്ന സാഹചര്യം ഉണ്ടാക്കരുത്.. കോടതിയലക്ഷ്യം വരുന്നതിനുമുമ്പ് പ്രമോഷൻ നടത്താൻ വളരെയധികം സമയം ലഭിച്ചിട്ടും അത് പ്രയോജനപ്പെടുത്തുന്നില്ലായെന്നത് ഖേദകരമാണ്. ചീഫ് എഞ്ചിനീയർ (HRM) ന്റെ ഓഫീസിലെ മെല്ലെപ്പോക്ക് നയമാണ് പ്രമോഷൻ താമസിക്കുവാൻ കാരണമായത്.

2. CEA റെഗുലേഷൻ ഡ്രാഫ്റ്റ് 2022 അനുസരിച്ച്, നിലവിലുള്ള ജീവനക്കാരെ CEA റെഗുലേഷൻ അനുസരിച്ച് യോഗ്യരാക്കുന്നതിന് ട്രെയിനിംഗ് നൽകിയാൽ മതി. 5 വർഷത്തിൽ താഴെയുള്ളവർക്ക് 350 മണിക്കൂർ ട്രെയിനിംഗും 5 വർഷത്തിൽ കൂടുതൽ സർവ്വീസുള്ളവർക്ക് 90 മണിക്കൂർ ട്രെയിനിംഗും മാത്രമാണ്, CEA റെഗുലേഷൻ ഡ്രാഫ്റ്റ് 2022 പറയുന്നത്. ഈ വിവരം ബഹു.സുപ്രീം കോടതിയെ ധരിപ്പിക്കണം (സൂചന 2).

3. CEA റെഗുലേഷൻ 2022 മേൽ KSEB യുടെ വ്യക്തമായ നിർദ്ദേശം കൃത്യസമയത്ത് നൽകിയില്ലായെന്നതും അനാസ്ഥയുടെ ഭാഗമാണ്. ഡ്രാഫ്റ്റ് 2022 മേൽ KSEB യുടെ നിർദ്ദേശങ്ങൾ നൽകിയത് 4.8.2022 തീയതിയിൽ മാത്രമാണ്. Draft മേൽ മറുപടി നൽകേണ്ട യഥാർത്ഥ തീയതി 28.7.2022 ആണ്. സമയം കഴിഞ്ഞ് നൽകിയ മറുപടി യാഥാർത്ഥ്യം ഉൾക്കൊള്ളാതെ നല്കിയതുമാണ് (സൂചന 3) അത് അങ്ങയുടെ സമക്ഷത്തിൽ വ്യക്തമായി പരിശോധിക്കണമെന്ന് സംഘടനയ്ക്ക് ഒരു അഭ്യർത്ഥനയുണ്ട്.

4. ഗവൺമെന്റ് ഉത്തരവ് പുറത്തിറങ്ങിയിട്ട് വർഷം ഒന്നര കഴിഞ്ഞിട്ടും ട്രെയിനിംഗ് തുടങ്ങുവാൻ സാധിച്ചില്ലായെന്നത് പരിതാപകരമാണ്. ട്രെയിനിംഗ് തൊട്ടടുത്ത ദിവസം തന്നെ തുടങ്ങി അതും ബഹു.സുപ്രീം കോടതിയിൽ സമർപ്പിക്കുന്ന രേഖകളിൽ ഹാജരാക്കണം.

5. CEA റെഗുലേഷൻ ഡ്രാഫ്റ്റ് 2022 ൽ ട്രെയിനിംഗ് നൽകി നിലവിലുള്ള ജീവനക്കാരെ CEA റെഗുലേഷൻ പ്രകാരം പ്രാപ്തരാക്കാമെന്നുള്ള വ്യവസ്ഥ അനുസരിച്ച് 21.4.2022 ലെ ഗവൺമെന്റ് ഓർഡറിലെ ITI/Diploma വേണമെന്ന വ്യവസ്ഥ മാറ്റി പുറത്ത് പുതിയ ഉത്തരവ് ഇറക്കേണ്ടതാണ്.

6. ഈ വിവരങ്ങൾ ബഹ.സുപ്രീം കോടതിയെ അറിയിക്കുന്നതിനായി ഒരു സീനിയർ അഡ്വക്കേറ്റിന് Special Engagement നൽകണം. അല്ലെങ്കിൽ കാര്യങ്ങൾ കൈവിട്ട് പോകാൻ സാധ്യതയുണ്ട്.

7. ഇലക്ട്രിസിറ്റി വർക്കറിന് പ്രമോഷൻ നൽകാത്തതിനാൽ ലൈൻമാന്റെ നിരവധി ഒഴിവുകൾ യാതൊരു യോഗ്യതയുമില്ലാത്തവരെ പുറത്തുനിന്നും ഫീൽഡിലുള്ള പല ഉദ്യോഗസ്ഥരും നിയമനം നടത്തുന്നുണ്ട്. ഒരുവശത്ത് CEA റെഗുലേഷൻ വേണമെന്ന് പറയുകയും മറുവശത്ത് ഈ സ്ഥാപനവുമായി യാതൊരു ബന്ധവുമില്ലാത്തവരെ ലൈൻമാൻ ആയി നിയമിക്കുകയും ചെയ്യുന്നു. ഇത് ബന്ധുനിയമനത്തിനുവേണ്ടി തല്പര കക്ഷികൾ നടത്തുന്ന നടപടിയാണ്. ഇത് നിയമവിരുദ്ധമാണ്. ഇതിനുവേണ്ടി ചിലവാക്കിയ തുക ഇപ്രകാരം നിയമനം നടത്തിയിട്ടുള്ള ഉദ്യോഗസ്ഥരുടെ ബാധ്യതയാക്കി മാറ്റേണ്ടതാണ്. ഇപ്രകാരമുള്ള ബന്ധുനിയമന വ്യക്തികൾക്ക് ഡ്യൂട്ടി അപകടം സംഭവിച്ചാൽ അത് സൂപ്പർവൈസ് ചെയ്യുന്ന ഉദ്യോഗസ്ഥരുടെ ബാധ്യതയായി മാറും. നിലവിലുള്ള എല്ലാ ഫീൽഡ് ജീവനക്കാരെയും ബാധിക്കുന്ന ഒരു സുപ്രധാന വിഷയമാണിത്. ഇത് അംഗീകരിക്കാൻ സാധിക്കില്ല. ഈ വിഷയങ്ങൾ കൂടി കോടതിയലക്ഷ്യ കേസിന്റെ മറുപടിയിൽ കോടതിയിൽ ധരിപ്പിക്കേതുണ്ട് (നിലവിലെ ജീവനക്കാരുടെ എണ്ണത്തിലുള്ള കുറവ്) അകത്തുള്ളവർക്ക് ITI/Diploma വേണം അല്ലാത്തവർക്ക് വേണ്ടാ എന്നത് തുല്യതാ അവകാശത്തിന് എതിരാണല്ലോ. ഈ സാഹചര്യത്തിൽ വർക്കേഴ്സിന് പ്രമോഷൻ നൽകി കോൺട്രാക്ട് വർക്കർ ലിസ്റ്റിൽ നിന്നും വർക്കേഴ്സിനെ നിയമിച്ച് പ്രശ്നം പരിഹരിക്കേതുണ്ട്. ബാക്കി ഒഴിവുകൾ PSC ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമുണ്ട്.

8. 30321 ഒഴിവുകൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അനുവദിച്ചിരിക്കുന്ന ബോർഡിൽ 29000 പേർ മാത്രം ജോലി ചെയ്യുന്നു എന്നത് കണക്കിലെടുത്ത് എല്ലാ ഇലക്ട്രിസിറ്റി വർക്കർമാർക്കും പ്രമോഷൻ നൽകി ലൈൻമാൻ ആക്കിയതിനുശേഷം കോൺട്രാക്റ്റ് വർക്കേഴ്സിന് അർഹതപ്പെട്ട ഇലക്ട്രിസിറ്റി വർക്കർ നിയമനം ഉടൻ നടത്തണമെന്നും ബാക്കി PSC ക്ക് റിപ്പോർട്ട് ചെയ്യണമെന്നും അതുവഴി ബോർഡിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും സുഗമമായ പരിഹാരം കണ്ടെത്തണമെന്നും അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ്
വർക്കിംഗ് പ്രസിഡന്റ്

Copy to:

1. The Director (HRM), KSEBL, Vaidyuthi Bhavan, Pattom
2. The Chief Engineer (HRM), KSEBL, Vaidyuthi Bhavan, Pattom
3. The Legal Advisor, KSEBL, Vaidyuthi Bhavan, Pattom